**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **13-09-2023 - ൽ മറുപടിയ്ക്ക്**

**നെല്ലുസംഭരണത്തിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെൽക്കർഷകർക്കായി ബാങ്ക് കൺസോർഷ്യത്തിൽ നിന്നും സപ്ലൈകോ കഴിഞ്ഞ സാമ്പത്തിക വർഷം കടമെടുത്തിരുന്നോ; | (എ) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ ചേർന്ന് രൂപീകരിച്ച കൺസോർഷ്യം ബാങ്ക് മുഖേന നെല്ലുസംഭരണത്തിനായി സപ്ലൈകോ 28.09.2022ന 2500 കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ട്. |
| (ബി) | കടമെടുത്ത 2500 കോടി രൂപയിൽ നിന്നും കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി എടുത്ത 2500/- കോടി രൂപയിൽ 1800 കോടി രൂപയും കർഷകരുടെ പേരിൽ വിവിധ ബാങ്കുകളിൽ നിലവിലുണ്ടായിരുന്ന PRS വായ്പകൾ അടച്ചു തീർക്കുന്നതിനാണ് ഉപയോഗപ്പെടുത്തിയത്. 2022-23 സാമ്പത്തിക വർഷത്തിൽ 2500 കോടി രൂപ വായ്പ ലഭ്യമാക്കിയ കാലയളവിൽ PRS ലോണും Working Capital ലോണും അടക്കം സപ്ലൈകോയുടെ ആകെ ബാധ്യത 3601 കോടി രൂപയായിരുന്നു. 2500 കോടിയുടെ കൺസോർഷ്യം വായ്പ കിട്ടുമ്പോൾ, കരാറനുസരിച്ച് ഒരേ പദ്ധതിക്കായി ഒരേ ഈടിന്മേൽ രണ്ടു തരം വായ്പകൾ നിലനിർത്തുന്നത് അനുവദനീയമല്ലെന്നുള്ളതിനാൽ, കൺസോർഷ്യം ബാങ്കുകളിലെ PRS വായ്പകൾ ഉൾപ്പടെയുള്ള മറ്റു എല്ലാ വായ്പകളും മുൻഗണന കൊടുത്തു അടവാക്കുകയുണ്ടായി. അപ്രകാരം 2500 കോടി രൂപയുടെ ലോൺ വിനിയോഗിച്ചു കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ഡിമാന്റ് ലോണുകളും, 1800 കോടി രൂപയുടെ PRS വായ്പകളും അടവാക്കുകയുണ്ടായി. ഇതിൽ ഒരു വർഷത്തെ കാലാവധി കഴിഞ്ഞ 2020-21 സീസണിലെ 1050 കോടി രൂപയുടെ (പലിശ & പിഴ പലിശ ഉൾപ്പടെ) PRS വായ്പകൾ അടവാക്കിയതും ഉൾപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം നെല്ലുസംഭരണത്തിനായി ബാങ്ക് കൺസോർഷ്യത്തിൽ നിന്നും കടമെടുത്ത തുക വകമാറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. കൺസോർഷ്യം ബാങ്ക് മുഖേന ലഭ്യമായ 2500 കോടി രൂപയുടെ വായ്പ ഉപയോഗിച്ച്, 1800 കോടി രൂപയുടെ മുൻ PRS വായ്പകളും, കാനറാ, ഫെഡറൽ എന്നീ ബാങ്കുകളിൽ നിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ഡിമാന്റ് ലോണുകളും അടവാക്കുകയാണ് ചെയ്തത്. |
| (ഡി) | ബാങ്ക് കൺസോർഷ്യത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷം കടമെടുത്ത തുക വകമാറ്റിയത് നെല്ലുസംഭരണത്തിലെ പ്രതിസന്ധിക്ക് കാരണമായിയെന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (ഡി) | അല്ല. പ്രസ്തുത തുക വക മാറ്റിയിട്ടില്ല. ഇപ്രകാരം മുൻകാല PRS വായ്പകൾ അടവാക്കിയതുകൊണ്ടാണ് തുടർന്നും PRS വായ്പ പദ്ധതി മുഖേന നെല്ല് സംഭരണ വില കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ